**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1351** **15-10-2026-ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. അജയപ്രസാദ് ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** പുനലൂർ നിയോജക മണ്ഡലത്തിലെ തെന്മല ഇക്കോ ടൂറിസം മേഖലയിൽ ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് സംബന്ധിച്ച വികസന പ്രവർത്തനങ്ങളുടെ ഫയൽ ടൂറിസം വകുപ്പ് അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത ഫയൽ സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്നും ഫയൽ നമ്പർ സഹിതം അറിയിക്കാമോ;

**മറുപടി:** പുനലൂർ നിയോജക മണ്ഡലത്തിലെ തെന്മല ഇക്കോ ടൂറിസം മേഖലയിൽ ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് സംബന്ധിച്ച വികസന പ്രവർത്തനങ്ങളുടെ ഫയൽ ടൂറിസം വകുപ്പ് ഡയറക്ടർ DOT/1985/2024/P1 നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നു. സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

**(ബി)** തെന്മല ഇക്കോ ടൂറിസം മേഖലയിൽ ടൂറിസം വകുപ്പും തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ കൗൺസിലും സംയുക്തമായി നടത്താനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** മേഖലയിലെ തുടർവികസനങ്ങൾക്കായി പദ്ധതികൾ തയ്യാറാക്കി വിവിധ സർക്കാർ ഏജൻസികൾ സമർപ്പിക്കുമ്പോൾ, അവ പരിശോധിച്ച് തുടർ വികസനം സാധ്യമാക്കുന്നതാണ്.

**(സി)** പുനലൂർ മണ്ഡലത്തിലുൾപ്പെട്ട മലമേൽപ്പാറ ടൂറിസവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് ടൂറിസം വകുപ്പിന്റെ പരിഗണനയും സഹായവും ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.

**(ഡി)** പുനലൂർ മണ്ഡലത്തിലെ മലമേൽപ്പാറ ടൂറിസം സെന്ററിൽ നിലവിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

**മറുപടി:** മലമേൽ ടൂറിസം പദ്ധതിയുടെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം നിർവഹിച്ച് പ്രവർത്തന നിരതമാണ്.

**സെക്ഷൻ ഓഫീസർ**